"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജിജി ഹോസ്പിറ്റൽ-കുമാരപുരം-പൂന്തി-അണമുഖം എൻ.എച്ച്. ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 319/09 നമ്പർ കേസിലെ ബാലൻസ് തുക '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1504/2025/LSGD തീയതി, തിരുവനന്തപുരം, 18-06-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയിലെ എൽ.എ.ആർ.319/2009 നമ്പർ കേസിലെ 11/04/2015 തീയതിയിലെ ലോക് അദാലത്ത് ഉത്തരവ്.
2. സ.ഉ.(പി) നം.32/2019/ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 13/09/2023-ലെ എ3/3602/2005/ട്രിഡ നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 30/04/2025-ലെ കെ10-358255/2021 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജിജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 319/09 നമ്പർ കേസ് പരാമർശം (1) പ്രകാരം ഒത്തുതീർപ്പാക്കിയിട്ടുള്ളതാണെന്നും എന്നാൽ ടി കേസിൽ നാളിതുവരെ തുക അനുവദിച്ചിട്ടില്ലായെന്നും ആയതിനാൽ ടി കേസിലെ ബാലൻസ് തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി. ടി എൽ.എ.ആർ. കേസിന്റെ ബാലൻസ് തുകയായ 36,40,361/- രൂപ (മുപ്പത്തിയാറ് ലക്ഷത്തി നാല്പതിനായിരത്തി മുന്നൂറ്റി അറുപത്തിയൊന്ന് രൂപ ) അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജിജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം എൻ.എച്ച്. ബൈപ്പാസ് റോഡിന്റെ വികസനത്തിനായി 0.64 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ.319/09 നമ്പർ കേസിലെ ബാലൻസ് തുകയായ 36,40,361/-

രൂപ (മുപ്പത്തിയാറ് ലക്ഷത്തി നാല്പതിനായിരത്തി മുന്നൂറ്റി അറുപത്തിയൊന്ന് രൂപ) '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷിയായ ശ്രീമതി വസന്തകുമാരിക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീമതി വസന്തകുമാരി, റ്റി.സി.3/1604(1), കേശവദാസപുരം, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/ 205/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 19-06-2025 12:20:04

സെക്ഷൻ ഓഫീസർ